# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP4/899/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/07/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP4/899/2021 തീയ്യതി: 03/07/2021

## തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ. എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ഓഡിറ്റർ, സീനിയർ ഗ്രേഡ്
ശ്രീമതി അനീഷ ഓഡിറ്റർ, സീനിയർ ഗ്രേഡ്
ശ്രീ വിനുകുമാർ ഓഡിറ്റർ
ശ്രീ രാജു ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആർ എസ് വസന്തകുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ആർ റ്റി ബിജുകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത വി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീ. എ റഹ്മത്തുള്ള | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 09-12-2019 |
| ശ്രീ. ആനന്ദ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 10-12-2019 | 31-03-2020 |
| സിന്ദു റ്റി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 26-06-2019 |
| ശ്രീമതി. വിജയറാണി | ഐ സി ഡി എസ് സൂപ്പർവൈസർ | 27-06-2019 | 08-12-2019 |
| ശ്രീമതി. രുഗ്മിണി റ്റി | ഐ സി ഡി എസ് സൂപ്പർവൈസർ | 09-12-2019 | 31-03-2020 |
| ശ്രീ. മഹേഷ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ANISHA . S.B (Senior Grade Auditor, On 25-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-1 |
| 2 | ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല-<br>Written By: ANISHA . S.B (Senior Grade Auditor, On 25-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-2 |
| 4 | വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക( ബാലൻസ്ഷീറ്റ് ബി4 പ്രകാരം) അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 26-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: ANISHA . S.B (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: ANISHA . S.B (Senior Grade Auditor, On 26-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-4 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-7 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-9 |
| 12 | സി.സി.റ്റി.വി. സ്ഥാപിക്കൽ തുടർപരിപാലനം / മോണിട്ടറിംഗ് ഉറപ്പാക്കിയിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-10 |
| 13 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല- 1311772/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-11 |
| 14 | അധികമായി നിക്ഷേപിച്ച തുക പ്രവൃത്തി പൂർത്തീകരിച്ചിട്ടും തിരികെ ലഭ്യമായില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-12 |
| 15 | ഭിന്നശേഷിക്കാരുടെ കലോത്സവം കഡ്ടേഷൻ വ്യവസ്ഥ പാലിച്ചില്ല.<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-13 |
| 16 | പഞ്ചായത്തിന്റെ ആസ്തി കൃത്യമായി നിർണയിച്ച് ആസ്തിസംരക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-14 |
| 17 | പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-15 |

| | | |
|---|---|---|
| 18 | സ്പിൽ ഓവർ പദ്ധതി പൂർത്തീകരിച്ചില്ല - തുക ലാപ്സാകാതിരിക്കാൻ നടപടി സ്വീകരിക്കണം.<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-16 |
| 19 | പാലിയേറ്റീവ് പരിചരണ പദ്ധതി - വാഹന ഉപയോഗം, പരിപാലനം എന്നിവയിലെ അപാകതകൾ<br>Written By: Raju. S (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-17 |
| 20 | ജാഗ്രതാ സമിതി പ്രവർത്തനം നിർജ്ജീവമാണ്<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-18 |
| 21 | അംഗനവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ- നിർവഹണം കാര്യക്ഷമമല്ല<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-19 |
| 22 | കുടുംബശ്രീ വിപണനമേള<br>Written By: ANISHA . S.B (Senior Grade Auditor, On 26-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-20 |
| 23 | ലൈഫ് ഭവന പദ്ധതി- രേഖകൾ ലഭ്യമാക്കിയിട്ടില്ല. 39558703/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ANISHA . S.B (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-21 |
| 24 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ-അപാകതകൾ<br>Written By: ANISHA . S.B (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-22 |
| 25 | കായികോത്സവം-<br>Written By: ANISHA . S.B (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-22-1 |
| 26 | ജെന്ററർ റിസോഴ്സ് സെന്ററർ-<br>Written By: ANISHA . S.B (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-22-2 |
| 27 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ - പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-22-3 |
| 28 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും- വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-23 |
| 29 | സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ ആനുകൂല്യം നൽകി<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-24 |
| 30 | കൃഷി ഓഫീസറുടെ പദ്ധതികൾ -ഉല്പാദന മേഖല -പ്രോജക്ട് നിർവഹണം കാര്യക്ഷമമല്ല<br>Written By: Vinukumar P.K (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-25 |
| 31 | പദ്ധതി നിർവഹണം മാർഗ്ഗരേഖ നിർദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Vinukumar P.K (Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 1-26 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ANISHA . S.B (Senior Grade Auditor, On 26-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റിൽ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിശദാംശങ്ങൾ<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sosamma.S (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-07-2021) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം<br>Written By: BINDHULATHA BP (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 23.2.2019 ലെ 1 ) - നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. (പ്രാരംഭ ബാക്കി ഉൾപ്പെടെയുള്ള വരവ് 357600110.61 രൂപ, ചെലവ് 352105513 രൂപയും നീക്കി ബാക്കി 5494597.36 രൂപ). 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 15.2.2020 ലെ 8(1) നമ്പർ തീരുമാന പ്രകാരം പുതുക്കിയിട്ടുണ്ട്.

### 1-1-1 ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല-

താഴെ പറയുന്ന ഇനങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് നമ്പർ | വകയിരുത്തിയ തുക | | ചെലവഴിച്ച തുക (എ.എഫ്.എസ് പ്രകാരം ) |
|---|---|---|---|---|
| | | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം | |
| 1 | 2505003-Solar Power Generation | 600000 | 600000 | 0 |
| 2 | 2501009-Agri Culture & Related Sectors- Coconut | 396500 | 396500 | 0 |
| 3 | 2501005- Agri Culture & Related Sectors - Diary Development | 1000000 | 632760 | 0 |
| 4 | 2501034-Animal Husbandry-Calf | 1024000 | 624000 | 0 |

ബജറ്റിൽ വകയിരുത്തിയിട്ടും പൂർണമായും തുക ചെലവഴിക്കാത്തത് ബജറ്റ് രൂപീകരണത്തിലെ ആസൂത്രണമില്ലായ്മയെ സൂചിപ്പിക്കുന്നു. ബജറ്റ് രൂപീകരണത്തിൽ നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾക്കായി തുക വകയിരുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 30.4.2020 | - | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/Decreasein Cash And Cash Equivalents -മായി പൊരുത്തപ്പെടുന്നില്ല.

3) വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

4) വർഷാന്ത്യ സ്റ്റോക്കിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

5) 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

6) ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം എന്നിവരുടെ മാർച്ച് 2020 ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7) മുൻ വർഷ B-7 + തൻവർഷ RP-34 വരവ് - തൻ വർഷ RP-34 ചെലവ് - തൻ വർഷ I-9 വരവ് എന്നത് തൻവർഷ B-7 നുമായി പൊരുത്തപ്പെടുന്നില്ല.

8)പ്രോജക്ട് നം.158/20 നെല്ലിവിള ലക്ഷംവീട് കോളനി ബോർവെൽ മെയിന്റനൻസ് പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും 100000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി ബിൽ, വിനിയോഗ രേഖകൾ എന്നിവ ലഭ്യമാകാതെ തന്നെ പ്രസ്തുത തുക ചെലവായി ബുക്ക് ചെയ്തിരിക്കുന്നു.

9)5)RP40(A), RP40(B) എന്നിവയിൽ 450250110 ഹെഡിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ള 3027/- രൂപയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 6 നുള്ള മറുപടിയിൽ 2013 മുതൽ പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകളില്ലാത്തതായി അറിയിച്ചിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-2-1 വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക( ബാലൻസ്ഷീറ്റ് ബി4 പ്രകാരം) അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല.

വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള താഴെ പറയുന്ന ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക( ബാലൻസ്ഷീറ്റ് ബി4 പ്രകാരം) അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ.

| ഇനം | ബി 4 പ്രകാരമുള്ള ബാദ്ധ്യത തുക | അക്കൗണ്ടിലെ നീക്കിയിരിപ്പ് (ആർ.പി) |
|---|---|---|
| ശുചിത്വ മിഷൻ | 1961273 | 918504 |
| സംയുക്ത പദ്ധതികൾക്ക് ലഭിച്ച വിഹിതം | 1735810 | 1024851 |

അപാകതക്ക് ഓഡിറ്റ് എൻക്വയറി 6 പ്രകാരം ലഭ്യമാക്കിയ മറുപടി പ്രകാരം അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഗ്രാന്റ് നിക്ഷേപിക്കുന്നതിനായി പ്രത്യേക അക്കൗണ്ട് നിലനിൽക്കെ തുക തനത് ഫണ്ടിൽ നിലനിർത്തുന്നത് ശരിയായ പ്രവണത അല്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്-24880287.61

വരവ് -110652138

ആകെ- 135532425.61

ചെലവ്- 109078249

നീക്കിയിരിപ്പ് -26454176.61

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് (ലാപ്സായ തുകയിൽ താഴെപറയുന്ന തുകകൾ ക്യൂ ബിൽ ആണ് ) ക്യൂ ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 19100795 | 19100795 | 17080696 | 2020099 | 48000 |
| വികസന ഫണ്ട് പ്രത്യേക ഘടകപദ്ധതി | 0 | 9749059 | 9749059 | 6361982 | 3387077 | 91580 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18402536 | 18402536 | 8632982 | 9769554 | 433781 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 14204000 | 14204000 | 7976749 | 6227251 | 440849 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 0 | 6933000 | 6933000 | 2854260 | 4078740 | 264606 |

മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി-ഐ.സി.ഡി.എസ് | 2338343 | 415240 | 2753583 | 810452 | 1943131 | |
| ലിറ്ററസി സ്കീം ഗ്രാന്റ് | 13624 | 469 | 14093 | 0 | 14093 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 16950 | 2105024 | 2121974 | 2121973 | 1 | |
| ലൈബ്രറി ഗ്രാന്റ് | 580 | 15580 | 16160 | 15000 | 160 | |
| ശുചിത്വ മിഷൻ | 2868636 | 54844 | 2923480 | 962207 | 1961273 | |
| വിവിധോദ്ദേശ ഗ്രാന്റ് | 57500 | 19694853 | 19752353 | 19720981 | 31372 | 2018-19 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 57496/- രൂപയാണ്. വ്യത്യാസം വന്നതിന്റെ കാരണംനോട്ട്സ് ഓൺ അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| ജോയിന്റ് വെൻചർ | 3461372 | 3893381 | 7354753 | 5618943 | 1735810 | 2018-19 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 3485852/- രൂപയാണ്. വ്യത്യാസം വന്നതിന്റെ കാരണം നോട്ട്സ് ഓൺ അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

വികസനഫണ്ടിലും മറ്റ് ഗ്രാന്റിനങ്ങളിലും വലിയ തുകകൾ ലാപ്സായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.6.21, 4.00 PMന് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 7991/- (ഏഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്ന് ) രൂപയുടെ ക്യാഷ് ബാലൻസ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16950 | 2105024 | 2121974 | 2121973 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43716845 | 43716845 | 43716845 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (എ.എഫ്.എസ് പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 753120 | 548 |
| കർഷക തൊഴിലാളി പെൻഷൻ | 925200 | 283 |
| വിധവാപെൻഷൻ | 5452800 | 1563 |
| വാർദ്ധക്യകാല പെൻഷൻ | 11088300 | 3204 |
| വികലാംഗ പെൻഷൻ | 1582000 | 458 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 201600 | 56 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.2.2020 | 2018 മാർച്ച് | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.3.2017മുതൽ 23.3.2017വരെ | 2011-12 മുതൽ2015-16 വരെ | 11.5.2017 |

## 1-9 ആഭ്യന്തരനിയന്ത്രണം

1) ഓഫീസ് ഭരണം കാര്യക്ഷമമാക്കുന്നതിന് ഓഫീസ് ഓർഡർ മുഖാന്തിരം ജീവനക്കാർക്ക് ജോലിവിഭജനം നൽകിയും ആയത് നിരീക്ഷണ വിധേയമാക്കിയും പ്രവർത്തനസജ്ജമായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിലും പ്രവർത്തിക്കുന്നുണ്ട്.

2) ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറുന്നത്, പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) ഇ-ടെൻഡർ ഫോറം വിലയിനത്തിൽ ലഭിക്കേണ്ട തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

4) സ്ഥാപനത്തിന്റെ ആസ്തി പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള വകുപ്പ്തല നിർദേശങ്ങളും സർക്കാർ നിർദേശങ്ങളും പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

5) പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി നടപ്പാക്കിയിട്ടില്ല.

6) <u>കരാറുകൾ ചമക്കുന്നതിലെ അപാകതകൾ</u>

കരാറുകൾ ചമക്കുമ്പോൾ ബന്ധപ്പെട്ട ചട്ടം/ഉത്തരവുകൾ പ്രകാരമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പ്രോജക്ട് നം. 188/20 തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന സ്പിൽ ഓവർ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ആൽഫാ ഇലക്ട്രിക്കൽസുമായി തദ്ദേശ സ്ഥാപനം കരാറിലേർപ്പെട്ടുവെങ്കിലും, ഇതിൽ സർക്കുലർ നമ്പർ 3055/ഡി.എ.3/2011/തസ്വഭവ തീയതി 15.09.2011, സർക്കുലർ നമ്പർ 177/ഡി.എ.3/2016/തസ്വഭവ തീയതി 07.11.2017 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണെന്ന് രേഖപ്പെടുത്തിയില്ല. ബാധകമായ വ്യവസ്ഥകൾ ഉൾപ്പെടുത്താത്തതിനാൽ, സ്ഥാപനം സമർപ്പിച്ച ബിൽ തുകയിൽ നിന്നും റീടെൻഷൻ ഈടാക്കുന്നതിന് തദ്ദേശസ്ഥാപനത്തിന് സാധിച്ചില്ല. ബിൽ തുക പൂർണ്ണമായും കൈമാറേണ്ട സാഹചര്യമുണ്ടായി.

## <u>1-10 സി.സി.റ്റി.വി. സ്ഥാപിക്കൽ തുടർപരിപാലനം / മോണിട്ടറിംഗ് ഉറപ്പാക്കിയിട്ടില്ല</u>

| | |
|---|---|
| പ്രോജക്ട് നം., പേര് | 189/20 സി.സി.റ്റി.വി. സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| ഫണ്ടിനം | വികസനഫണ്ട് |
| അടങ്കൽ തുക | 500000/- |
| ചെലവ് തുക | 499320/- |
| ബിൽ നം./തീയതി | 17/30.07.2019 |
| നിർവഹണാധികാരി | സെക്രട്ടറി |

പദ്ധതി പ്രകാരം തദ്ദേശ സ്ഥാപന പരിധിയിൽ 10 ക്യാമറകൾ സ്ഥാപിക്കുകയും. ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ നിരീക്ഷിക്കുന്നതിനായി ബാലരാമപുരം പൊലീസ് സ്റ്റേഷനിൽ റ്റി.വി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിക്കായി ഇ ടെണ്ടർ ക്ഷണിച്ച്, IT Professionals Co-Op Society (ITPCOS) എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറിലോ, അനുബന്ധ രേഖകളിലോ, ഉപകരണങ്ങളുടെ വാറന്റി, എ.എം.സി., തുടർപരിപാലനം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലേർപ്പെടുന്നതിനു മുൻപ് സ്ഥാപനത്തിൽ നിന്നും കരാർ തുകയുടെ 5% നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2019 മാർച്ച് മാസത്തിൽ സി.സി.റ്റി.വി. സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതായി ബാലരാമപുരം സ്റ്റേഷൻ ഹൗസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങളുടെ തുടർന്നുള്ള പ്രവർത്തനം, ഉപയോഗക്ഷമത എന്നിവ വർക്കിംഗ് ഗ്രൂപ്പോ ഗ്രാമപഞ്ചായത്ത് ഭരണസമിതിയോ വിലയിരുത്തിയിട്ടില്ല. പദ്ധതി തുകയുപയോഗിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ പരിപാലനം, ഫലപ്രദമായ ഉപയോഗം എന്നിവ നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമില്ല. ഉപകരണങ്ങളുടെ നിലവിലെ

അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ (ഓഡിറ്റ് അന്വേഷണം നം. 11/23.06.2021), വിശദമായ റിപ്പോർട്ട് നൽകുവാൻ പോലീസിനോട് ആവശ്യപ്പെട്ടതായി മറുപടി ലഭ്യമാക്കി.

പദ്ധതി തുകയുപയോഗിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ പരിപാലനം, ഫലപ്രദമായ ഉപയോഗം എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും, ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തനം, ഉപയോഗക്ഷമത സംബന്ധിച്ച് സ്റ്റേഷൻ ഹൗസിംഗ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-11 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല- 1311772/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് തൻവർഷം നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | പ്രോജക്ട് നം., പേര് | ചെലവ് തുക, ഫണ്ടിനം | ബിൽ നം./തീയതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | 172/20, 17-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 477000, ധനകാര്യ കമ്മീഷൻ അവാർഡ് | 5/03.06.2019 | കെ.ഡബ്ല്യു.എ |
| 2 | 166/20 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 322000, ധനകാര്യ കമ്മീഷൻ അവാർഡ് | 6/03.06.2019 | കെ.ഡബ്ല്യു.എ |
| 3 | 158/20 നെല്ലിവിള ലക്ഷംവീട് കോളനി ബോർവെൽ മെയിന്റനൻസ് | 100000, തനത് ഫണ്ട് | ചെക്ക് നം. 2740083/31.05.19 | ഭൂജല വകുപ്പ് |
| 4 | 134/20ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് സ്ഥാപിക്കലും | 379913, ധനകാര്യ കമ്മീഷൻ അവാർഡ് | 26/13.10.19 (149426)<br>36/14.2.20 (181130)<br>41/13.3.20 (49537) | കെ.എസ്.ഇ.ബി |
| 5 | 168/20ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 32859, ധനകാര്യ കമ്മീഷൻ അവാർഡ് | 7/3.6.19-10045<br>30/6.11.19-22814 | കെ.എസ്.ഇ.ബി |

മേൽ പ്രവൃത്തികളുടെ അന്തിമ ബിൽ, പൂർത്തീകരണ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/23.06.2021), പട്ടികയിലെ ക്രമ നം. 4 പ്രകാരം നിക്ഷേപിച്ചിട്ടുള്ള 181130/- രൂപയുടെയും, 49537/- രൂപയുടെയും വിനിയോഗസാക്ഷ്യപത്രം 24.06.2021 തീയതിയിൽ ലഭ്യമാക്കി. മേൽ പ്രവൃത്തികളുടെ അന്തിമ ബിൽ, പൂർത്തീകരണ രേഖകൾ ബന്ധപ്പെട്ട നിർവഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ടതും, പ്രവൃത്തികളുടെ നിർവഹണം/പൂർത്തീകരണം/പ്രവർത്തനക്ഷമത സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ 1311772/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 അധികമായി നിക്ഷേപിച്ച തുക പ്രവൃത്തി പൂർത്തീകരിച്ചിട്ടും തിരികെ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ തലയൽ വാർഡിലെ ചാലിയോട് റോഡിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി നിക്ഷേപിച്ച 2,25,000/- രൂപയിൽ 1,94,679/- രൂപ ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും 30,321/- രൂപ നീക്കിയിരുപ്പുള്ളതായും കെ.ഡബ്യു.എ നെയ്യാറ്റിൻകര സെക്ഷൻ കാര്യാലയത്തിൽ നിന്നും അറിയിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതുവരെയും അധികമായി ഒടുക്കിയ തുക 30,321/- രൂപ ഗ്രാമപഞ്ചായത്തിനു തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/23.06.2021) തുക തിരികെ ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ലഭ്യമാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 ഭിന്നശേഷിക്കാരുടെ കലോത്സവം ക്വട്ടേഷൻ വ്യവസ്ഥ പാലിച്ചില്ല.

പ്രോജക്ട് നം 51/19-20

പേര് ഭിന്നശേഷികുട്ടികളുടെ കലാമത്സരം

അടങ്കൽ 75000/-

ചെലവ് 56726

ബിൽ നം 6/19-20

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഈ പ്രോജക്ടിൽ 37250/-രൂപ ശ്രീ. ശരത്. ജി. എസ് എന്ന വ്യക്തിക്ക് ബാങ്ക് അക്കൌണ്ട് വഴി കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിയുടെ ബാങ്ക് പാസ്സ് ബുക്ക് കോപ്പിയൊ തിരിച്ചറിയൽ രേഖകളോ ലഭ്യമല്ല. മാത്രമല്ല 15000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾക്ക് ക്വട്ടേഷൻ വിളിക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 02/ ) ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ നടപടികളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലമാണ് ഇപ്രകാരം അപാകം സംഭവിച്ചതെന്നാണ്. പദ്ധതി നിർവഹണം നടത്തുമ്പോൾ സർക്കാർ ഉത്തരവുകളും സബ്സ്ഡി മാർഗ്ഗ രേഖകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിന്റെ ആസ്തി കൃത്യമായി നിർണയിച്ച് ആസ്തിസംരക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്

ഐത്തിയൂർ സ്പിന്നിങ്ങ് മിൽ റോഡ് സൈഡ് ബേം കോൺക്രീറ്റ് ( SO 206/20) -

അടങ്കൽ തുക 490000/- (MF R)

ചെലവ് തുക 363940/-

ബിൽ നം 14/2020, 28.6.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

മേൽ പദ്ധതി പ്രകാരം കോൺക്രീറ്റ് ചെയ്ത സൈഡ് ബേം പൊളിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ നൽകിയ കത്തിന് മറുപടിയായി ( നം KS/E/GL/2018, 15.18.2018) പ്രസ്തുത റോഡ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും ഭരണസമിതി തീരുമാനം പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതുമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 24.10.2018 ലെ KS/E/GL/2018 നംമ്പർ കത്തിൽ PWD(G) Dept ന്റെ GO(MS)NO.52/2009/PWD, 14.8.2009 പ്രകാരം പൊതുമരാമത്ത് വകുപ്പിന് 7385 Km റോഡ് കൈമാറിയതിൽ 141- ാം സീരിയൽ നമ്പരായി ഐത്തിയൂർ സ്പിന്നിങ്ങ് മിൽ റോഡ് ഉൾപ്പെടുന്നതായി അറിയിച്ചു. പതിനഞ്ച് ദിവസത്തിനകം സൈഡ് ബേം പൊളിച്ച് മാറ്റണമെന്ന് വീണ്ടും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 2019 വരേയും പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചാണ് നടപ്പാക്കിയിട്ടുള്ളതെന്നും പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതുമാണെന്ന് വീണ്ടും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റോഡിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7/22.6.2021) മറുപടിയായി പൊതുമരാമത്ത് വകുപ്പ് അധികൃതർ മേൽ സർക്കാർ ഉത്തരവ് പ്രകാരം റോഡ് ഏറ്റെടുത്തതായി അറിയിക്കുകയോ 2009 മുതലുള്ള പത്ത് വർഷ കാലയളവിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഫണ്ട് വിനിയോഗിക്കുകയോ ചെയ്തിട്ടില്ല എന്ന് വിശദീകരിച്ചിട്ടുണ്ട്. മാത്രവുമല്ല പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള റോഡുകളിൽ അടിയന്തിരമായി പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യേണ്ടതായി വന്നാൽ PWD യുടെ NOC ലഭിച്ചതിന് ശേഷം മാത്രമേ അത്തരം പ്രവൃത്തികൾ നടപ്പാക്കുകയുള്ളൂ എന്നും അറിയിച്ചിരിക്കുന്നു.

എന്നാൽ പൊതുമരാമത്ത് വകുപ്പ് ഉന്നയിച്ച റോഡിന്റെ യഥാർത്ഥ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല 8.11.2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ സി2 – 15471/18 സർക്കുലറിലെ നിർദേശാനുസരണം LSGD Asst. Eng. കൺവീനറും പ്രസിഡന്റ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആദ്ധ്യക്ഷനുമായി ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/24.6.2021) മറുപടിയായി വികസന കാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയിലും പഞ്ചായത്ത് കമ്മിറ്റിയിലും ആസ്തി പരിപാലന വിഷയങ്ങൾ ചർച്ച് ചെയ്ത് തീരുമാനമെടുക്കുന്നു എന്ന് അറിയിച്ചു. ആസ്തി സംരക്ഷണത്തിനും പരിപാലനത്തിനും സർക്കാർ നിർദേശാനുസരണമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതും മേൽ റോഡിന്റെ ഉടമസ്ഥത സംബന്ധിച്ച് അന്തിമ തീരുമാനം ഉചിതമാർഗ്ഗേണ കൈക്കൊള്ളേണ്ടതുമാണ്.

**1-15 പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല**

പഞ്ചായത്ത് പരിധിയിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ഹരിതകർമ്മ സേന രൂപീകരിച്ച് 2018-19 ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക 1-27). എന്നാൽ ശേഖരിക്കുന്ന മാലിന്യം ഉചിതമാർഗ്ഗേണ സംസ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ പര്യാപ്തമല്ല. സ്പിൽ ഓവർ ആയി നടപ്പാക്കാൻ അനുമതി ലഭിച്ച എം സി എഫ് നിർമ്മാണ (194/2020) പദ്ധതി നടപ്പാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി (17/25.6.2021) പ്രദേശവാസികളുടെ എതിർപ്പ് കാരണം നടപ്പിലാക്കാൻ കഴിഞ്ഞില്ല, പകരം പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കാർഷെഡ് എം.സി.എഫ് ആയി ഉപയോഗിച്ച് വരുന്നു എന്നറിയിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നതും പ്രദേശ നിവാസികളുടെ ആരോഗ്യകരമായ ജീവിതം ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതവുമാണ്. ആയതിനാൽ ശുചിത്വ മിഷന്റെ മാർഗ്ഗനിർദേശാനുസരണം ഉചിതമായ സ്ഥലം കണ്ടെത്തി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 സ്പിൽ ഓവർ പദ്ധതി പൂർത്തീകരിച്ചില്ല – തുക ലാപ്സാകാതിരിക്കാൻ നടപടി സ്വീകരിക്കണം.**

പുതിച്ചൽ യക്ഷിയമ്മൻ കോവിൽ റോഡ് റീ-ടാറിംഗ്, പാർശ്വഭിത്തി (SO 250/20)-

അടങ്കൽ തുക 490000/- (MF R)

ചെലവ് തുക 284980/-

ബിൽ നം 44/2020, 16.12.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

റോഡ് റീ-ടാറിംഗിനും, പാർശ്വഭിത്തി നിർമ്മാണത്തിനും സ്പിൽ ഓവർ ആയി അനുമതി ലഭിച്ച പദ്ധതിയിൽ എം ബുക്ക് പ്രകാരം പാർശ്വ ഭിത്തി മാത്രം നിർമ്മിക്കുകയും C.C. I And Part Bill പ്രകാരം Retention Amt 6524.26 രൂപ (2.5% Of Net Value Of Work Done 260970.58) ഈടാക്കി പേയ്മെന്റ് നടത്തുകയും ചെയ്തു. സ്പിൽ ഓവർ ആയി നടപ്പാക്കിയ പദ്ധതി ആയിരുന്നിട്ടും റോഡ് റീ-ടാറിംഗ് പ്രവൃത്തി നടത്തിയിട്ടില്ല, Retention Amt തിരികെ നൽകിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7/22.6.2021) പ്രസ്തുത പ്രവൃത്തി സ്പിൽ ഓവർ ആയി നിലവിലുള്ളതിനാൽ റീ-ടാറിംഗ് പൂർത്തിയാക്കുന്നതും Retention Amt തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**1-17 പാലിയേറ്റീവ് പരിചരണ പദ്ധതി - വാഹന ഉപയോഗം, പരിപാലനം എന്നിവയിലെ അപാകതകൾ**

പാലിയേറ്റീല് കെയർ വാഹന ഉപയോഗം -ജാഗ്രത പുലർത്തിയില്ല.

എം.എൽ എ. ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയർ ഉപയോഗത്തിനായി ലഭിച്ച ആംബുലൻസ് വാഹനം 18-01-2019-ൽ K.L-20-P-957-എന്ന നമ്പരിൽ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തു.3-6-2019ൽ വാഹനം മെഡിക്കൽ ആഫീസർക്ക് കൈമാറി.ആംബുലൻസ് വാഹനത്തിൻെ ഡ്രൈവർ നിയമനത്തിനായി 16-7-2019-ൽ നടന്ന പഞ്ചായത്ത് യോഗത്തിൽ 12(1) നമ്പർ തീരുമാനമായി തീരുമാനിക്കുകയും 17-8-2019-ൽ ഡ്രൈവറെ നിയമിക്കുകയും ചെയ്തു. 18-01-2019-ൽ ലഭിച്ച വാഹനത്തിന് ഡ്രൈവറെ നിയമിച്ചത് 17-08-2019-ൽ മാത്രമാണ്.ഇതിൽ നിന്നും യഥാസമയം ഡ്രൈവറെ നിയമിച്ച് വാഹനം ഉപയോഗിക്കുന്നതിൽ പഞ്ചായത്ത് തലത്തിൽ വീഴ്ച സംഭവിച്ചതായി വ്യക്തമാകുന്നു. കൂടാതെ 7മാസത്തോളം ഉപയോഗിക്കാതെ സൂക്ഷിച്ചിരുന്നതിനാൽ

വാഹനത്തിൻെറ ബാറ്ററി ഉപയോഗശൂന്യമാവുകയും ഗ്യാരൻറി കാലയളവ് അനുസരിച്ച് മാറ്റിവാങ്ങുകയോ,റിപ്പയർ ചെയ്യുകയോ ചെയ്യാതെ 7500/-രൂപ ചെലവാക്കി പുതിയ ബാറ്ററി വാങ്ങുകയും ചെയ്തു.വാഹനത്തിൻെറ ഇൻഷ്വറൻസ് 18-1-2020-ൽ അവസാനിച്ചുവെങ്കിലും പുതുക്കിയത് 18-3-2020-ൽ മാത്രമാണ്,ഇത്തരത്തിൽ രണ്ട് മാസക്കാലം ആംബുലൻസ് ഇൻഷ്വറൻസ് ഇല്ലാതെ നിരത്തിലിറങ്ങി.1-4-2019 മുതൽ ആഗസ്റ്റ് മാസം വരെ ഹോംകെയർ സന്ദർശത്തിന് ഏത് വാഹനം ഉപയോഗിച്ചുവെന്ന് ആരാഞ്ഞു നൽകിയ അന്വേഷണകുറിപ്പ് 23/2021-ന് നൽകിയ മറുപടിയിൽ പാലിയേറ്റീവ് ടീം സ്വന്തം നിലയ്ക്ക് അത്യാവശ്യ ഹോംകെയർ സന്ദർശനം നടത്തിയെന്ന് അറിയിച്ചു. ഈ കാലയളവിൽ എം.എൽ എ. ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയർ ഉപയോഗത്തിനായി ലഭിച്ച ആംബുലൻസ് ഉപയോഗിക്കാതെ സൂക്ഷിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ മെഡിക്കൽആഫീസർ2-8-2019-ലെ D1-9979/2019നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ അപ്കീപ്പ് ആൻറ് മെയിൻറനസ് സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിൻെറ ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തം ആയതിനാൽ വാഹനപരിപാലനം കുറ്റമറ്റ രീതിയിൽ ആക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്.

## <u>1-18 ജാഗ്രതാ സമിതി പ്രവർത്തനം നിർജ്ജീവമാണ്</u>

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിച്ച് (എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം) ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തേണ്ടതാണ്. വാർഡ് തലത്തിലെ പ്രവർത്തനങ്ങളിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാനും തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിച്ച് ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി പ്രശ്നങ്ങൾ , ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

മേൽ പ്രവർത്തനങ്ങൾക്കായി 300000/-രൂപ വികസന ഫണ്ട് ജനറൽ പ്രകാരം ഉൾപ്പെടുത്തിയെങ്കിലും യാതൊരുവിധ ചെലവും നടത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32 ൽ ജാഗ്രതാ സമിതി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിന് കുറിച്ച് പരാമർശം നടത്തിയിരുന്നു. എന്നാൽ ഈ വർഷവും യാതൊരു വിധ പ്രവർത്തനവും നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നലകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.02 ) നല്കിയ മറുപടിയിൽ സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ നിരന്തരമായും തുടർച്ചയായും നടപ്പാക്കേണ്ടതും സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധമാകേണ്ടതുമാണ്. ഇത്തരം പദ്ധതികൾ കൃത്യമായി നടപ്പാക്കി അതിന്റെ ഫലം സമൂഹത്തിന് ലഭ്യമാകുന്നതിന് വർക്കിംഗ് ഗ്രൂപ്പും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും കൃത്യമായ ഇടപെടൽ നടത്തേണ്ടതാണ്.

## <u>1-19 അംഗനവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ- നിർവഹണം കാര്യക്ഷമമല്ല</u>

2018-19 വർഷത്തെ റിപ്പോർട്ടിൽ അംഗനവാടികളുടെ ഭൌതിക സാഹചര്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഈ വർഷത്തെ പ്രോജക്ടിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. (പ്രോജക്ട് നം 119, 129, 152) ഇവയെല്ലാം അംഗനവാടി അറ്റകുറ്റപ്പണികൾക്കായിരുന്നു. എന്നാൽ ഇവയൊന്നും നടപ്പാക്കിയില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 02/) പ്രസ്തുത പദ്ധതികൾ സ്പിൽ ഓവറായി നടപ്പിലാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത്തരം

പദ്ധതികൾ കൃത്യമായി നടപ്പിലാക്കണമെന്ന് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടും ആവശ്യമായ ഇടപെടൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിക്കുമ്പോൾ അടങ്കലിന്റെ 55 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ മോണിട്ടറിംഗ് ഇല്ലാത്തതാണ് പദ്ധതി പൂർത്തീകരണം ലക്ഷ്യപ്രാപ്തി കൈവരിക്കാത്തതിന്റെ കാരണം. ഭരണ സമിതി കൂടുതൽ ഇടപെടൽ ഇക്കാര്യങ്ങളിൽ നടത്തേണ്ടതാണ്.

## 1-20 കുടുംബശ്രീ വിപണനമേള

| | |
|---|---|
| പ്രോജക്ട് | 289/20 |
| പദ്ധതി അടങ്കൽ | 150000(തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 90495 |
| ബിൽ നമ്പർ | 2719235/24.9.19-34927<br>2719232/24.9.19-54306<br>31873/27.9.19-1262(ആദായ നികുതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഓണത്തോടനുബന്ധിച്ച് വിപണനമേള സംഘടിപ്പിക്കുന്നതിനും കുടുംബ ശ്രീ യൂണിറ്റിൽപെട്ട അംഗങ്ങൾക്കും മറ്റ് സംരംഭകർക്കും ഉൽപന്നം വിറ്റഴിക്കുന്നതിനുള്ള അവസരം നൽകുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം ബാലരാമപുരം ഗവ.സ്കൂളിൽ സ്റ്റാളുകൾ നിർമ്മിക്കുന്നതിനും, സൗണ്ട് സിസ്റ്റത്തിനുമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്തൃ ഗ്രൂപ്പിന്റെവിവരങ്ങൾ / സംരംഭകരുടെ വിവരങ്ങൾ പ്രോജക്ട് ഫാറത്തിലോ പദ്ധതി ഫയലിലോ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി8 ന് ലഭ്യമാക്കിയ മറുപടിയനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കുടുംബശ്രീകൾക്കും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 15 ഗുണഭോക്താക്കളാണ് വിപണന മേളയിൽ പങ്കെടുത്തതെന്നും അറിയിച്ചിട്ടുണ്ട്. `ചെറുകിട വ്യവസായം ` വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചത് പ്രകാരം വിപണന മേള പദ്ധതിയുടെ ആവശ്യകത, നിർവ്വഹണ പുരോഗതി , കുടുംബശ്രീകളുടെ പങ്കാളിത്തം എന്നിവ ചർച്ച ചെയ്തിട്ടില്ല. കുടുംബശ്രീ വിപണന മേളയ്ക്കായി വേണ്ട സജ്ജീകരണങ്ങൾക്കായാണ് പദ്ധതി പണം ചെലവഴിക്കുന്നതെന്നിരിക്കെ മേളയിൽ പങ്കെടുക്കാൻ കഴിയുന്ന ഗ്രൂപ്പുകളുടെ വിശദാംശങ്ങൾ ശേഖരിക്കേണ്ടത് അനിവാര്യമാണ്. വ്യക്തമായ ആസൂത്രണത്തോടെ പദ്ധതി രൂപീകരിക്കേണ്ടതും സർക്കാർ ഉത്തരവ് ജി.ഒ(എം.എസ് 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 3-5-4 പ്രകാരം പദ്ധതി രൂപീകരണ ഫോറത്തിൽ പദ്ധതി പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ / എണ്ണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് .

## 1-21 ലൈഫ് ഭവന പദ്ധതി- രേഖകൾ ലഭ്യമാക്കിയിട്ടില്ല. 39558703/-രൂപ തടസ്സപ്പെടുത്തുന്നു.

2019-20 വി.ഇ.ഒ (സർക്കിൾ 2) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയിൽ താഴെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| പദ്ധതി | | ചെലവ് | | | | |
|---|---|---|---|---|---|---|
| | വികസന ഫണ്ട്( ജനറൽ) | സംസ്ഥാനാവിഷ്കൃത ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ വായ്പ |
| 178/20 ലൈഫ് ഭവന പദ്ധതി(സ്പിൽ ഓവർ ജനറൽ | | | | | | 6877191 |
| 179/20 ലൈഫ് ഭവന പദ്ധതി(സ്പിൽ ഓവർ, എസ്.സി) | | | | 323400 | 782322 | |
| 277/20 ലൈഫ് ഭവന പദ്ധതി (ജനറൽ) | 4900000 | 19200000 | | 2083200 | 1538312 | |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| 278/20 ലൈഫ് ഭവന പദ്ധതി (എസ്.സി) | 2819930 | | 875556 | 158792 | |

പദ്ധതികളുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക്, ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 9 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ലൈഫ് അപേക്ഷകളും അപൂർണമായ എഗ്രിമെന്റ് വിവരങ്ങളും മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. ഓഡിറ്റ് പൂർത്തിയാക്കിയ തീയതിയിലാണ് ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ, ബിൽ ബുക്ക് എന്നിവ ലഭ്യമാക്കിയത്. ആയതിനാൽ പദ്ധതി പണം വിനിയോഗിച്ചതിന്റെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അപേക്ഷകന്റെ എഗ്രിമെന്റ് വിവരങ്ങളിൽ എഗ്രിമെന്റ് വച്ച തീയതി, ഫണ്ട് വിശദാംശങ്ങൾ, അപേക്ഷകന്റെ ഒപ്പ്, വാർഡ് വിവരങ്ങൾ, ഭവനം നിർമ്മിക്കുന്ന വസ്തുവിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ള കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല .അപാകത അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22 നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് , ബിൽ ബുക്ക് ,ട്രഷറി ബിൽ സ്റ്റേറ്റ്മെന്റ് എന്നിവ സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ പദ്ധതി നിർവ്വഹണം പരിശോധിക്കാനായിട്ടില്ല. ലൈഫ് ഭവന പദ്ധതിക്കായി ചെലവഴിച്ച തുക39558703/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം തീർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടി ആർ 7 എ ഫോറത്തിലുള്ള 2019 – 20 വർഷത്തെ കാഷ് ബുക്ക്, ട്രഷറിബില്ലുകൾ ഉൾപ്പെടെമുഴുവൻ ചെലവുരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ-അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളിൽ സബ്സിഡി മാർഗ്ഗരേഖപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

### 1-22-1 കായികോത്സവം-

| | |
|---|---|
| പ്രോജക്റ്റ് | 32/20 |
| പദ്ധതി അടങ്കൽ | 120000 |
| പദ്ധതി ചെലവ് | 75310 |
| ബിൽ നമ്പർ | 9/16.3.20<br>11/24.3.20<br>7/16.1.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്ററന്റ് സെക്രട്ടറി |

പദ്ധതി ഫയൽ പരിശോധിച്ചത് പ്രകാരം സെലക്ഷൻ കം ട്രയൽ ചാമ്പ്യൻഷിപ്പ് നവംബർ മാസത്തിൽ നടത്തി കബഡി, ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് എന്നീ ഇനങ്ങളിൽ ടീമിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് നമ്പർ 22/2018/തസ്വഭവ തീയതി 14-02-2018 ലെ ഖണ്ഡിക 7.6(2) പ്രകാരമുള്ള താഴെ പറയുന്ന നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

1. പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി എന്നിവയ്ക്കായി മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ഓരോ ഐറ്റത്തിനും വെവ്വേറെ സെലക്ഷൻ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

2. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട ടീമുകൾക്ക് സംസ്ഥാന/ജില്ല സ്പോർട്സ് കൌൺസിൽ കോച്ചുകൾ, സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കായിക അദ്ധ്യാപകർ, നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ല/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകേണ്ടതാണ്.

3. കേരളോത്സവം ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡി റ്റ് എൻക്വയറി 8 നുള്ള മറുപടിയായി സർക്കാർ നിബന്ധനകൾ തുടർ വർഷങ്ങളിൽ പാലിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹിക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്

## 1-22-2 ജെന്റർ റിസോഴ്സ് സെന്റർ-

| | |
|---|---|
| പ്രോജക്റ്റ് | ജെന്റർ റിസോഴ്സ് സെന്റർ-145//20 |
| പദ്ധതി അടങ്കൽ | 24000 |
| പദ്ധതി ചെലവ് | 21159 |
| ബിൽ നമ്പർ | 7/16.12.19 10901/-<br>10/29.3.20 10258/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്ററന്റ് സെക്രട്ടറി |

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം , സാമൂഹിക ഉന്നമനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കൗൺസിലിംഗും പരിശീലനവും നൽകുന്നതിനായി ജെന്റർ റിസോഴ്സ് പേഴ്സനെ ചുമതലപ്പെടുത്തുന്നതി നാണ് പദ്ധതി ആവിഷ്കരിച്ചത്.

പദ്ധതി നിർവ്വഹണത്തിൽ 18.10.19,24.2.20 തീയതികളിൽ വിജിലന്റ് ഗ്രൂപ്പ് ട്രെയിനിംഗ് സംഘടിപ്പിച്ചിട്ടുണ്ട് . കുടുബശ്രീ അംഗങ്ങൾക്ക് കൗൺസിലിംഗ് നടത്തിയിട്ടുണ്ട്.

സ.ഉ(കൈ )നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1 നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ജെന്റർ റിസോഴ്സ് ടീമിന്റെ വിവരങ്ങൾ, സ്ത്രീകളുടെ സാമൂഹിക പദവി പഠനം പൂർത്തിയാക്കിയിട്ടുള്ളതിന്റെ / കാലാനുസൃതമാക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ,വർഷാവസാനം സ്ത്രീ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ അവസ്ഥാവിശകലന റിപ്പോർട്ട്, പെർഫോമൻസ് അവലോകന റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19 ന് മറുപടി ലഭ്യമാക്കാത്തതിനാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. പദ്ധതി നിർവ്വഹണം സർക്കാർ നിർദ്ദേശപ്രകാരം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22-3 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ - പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 11.4പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്റ്റ് പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളിൽ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.

സുലേഖ പത്രിക പ്രകാരം താഴെ പറയുന്ന പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല.

| പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|
| 40/20 ശിശു സൗഹൃദ പ്രവർത്തനങ്ങൾ | 50000(ജില്ലാ പഞ്ചായത്ത് വിഹിതം )<br>50000(വികസന ഫണ്ട്) | 0<br>0 |
| 61/20 പാഥേയം | 230400(വികസന ഫണ്ട്) | 0 |

| | | |
|---|---|---|
| | 345600(ജില്ലാ പഞ്ചായത്ത് വിഹിതം) | 0 |
| 73/20 പാഥേയം( എസ്.സി) | 345600(വികസന ഫണ്ട് എസ്.സി.പി)<br>518400(ജില്ലാ പഞ്ചായത്ത് വിഹിതം) | 0<br>0 |

ഓഡിറ്റ് എൻക്വയറി 8 നുള്ള മറുപടി പ്രകാരം പൂർത്തീകരണ സാക്ഷ്യപത്രം സുലേഖയിൽ രേഖപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാൽ പദ്ധതി പൂർത്തീകരിക്കാത്തതിന്റെ കാരണം ലഭ്യമായിട്ടില്ല. പദ്ധതികളുടെ വിലയിരുത്തുന്നതിനും തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണത്തിനും പൂർത്തീകരണ വിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്തുന്നത് സഹായകരമാകും. സർക്കാർ നിർദ്ദേശം പ്രകാരം പദ്ധതി പൂർത്തീകരണ വിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-23 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും- വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/19-20 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ, കസേര |
| അടങ്കൽ | 100000/- (വി. ഫ. ജ) |
| ചെലവ് | 100000/- |
| ബിൽ നം | 105/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ |

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ സർട്ടിഫിക്കറ്റുകൾ ക്രമപ്രകാരമല്ല കാണുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിലാസം | അപാകം |
|---|---|---|---|
| 1 | ആൻസി. ബി. എ | ആർ സി സ്ട്രീറ്റ്, ബാലരാമപുരം | കുട്ടിയുടെ രക്ഷാകർത്താവിന്റെ പേരിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 2 | ജഗൻ. എസ് | ആർ സി സ്ട്രീറ്റ്, ബാലരാമപുരം | കുട്ടിയുടെ രക്ഷാകർത്താവിന്റെ പേരിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 3 | സ്നേഹ സുഭാഷ് | പള്ളിവിളാകത്തുവീട്, ബാലരാമപുരം | മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 4 | അരുൺ വി. ആർ | പള്ളിവിളാകത്തുവീട്, ആർ സി സ്ട്രീറ്റ്, ബാലരാമപുരം | മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 5 | സന സേവ്യർ | തോട്ടത്തുവിളാകം, ആർ സി സ്ട്രീറ്റ്, ബാലരാമപുരം | മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 6 | ആഷിൻ. എസ് | തോട്ടത്തുവിളാകം, ആർ സി സ്ട്രീറ്റ്, ബാലരാമപുരം | കുട്ടിയുടെ രക്ഷാകർത്താവിന്റെ പേരിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 7 | പ്രിശ. അർ. പി | ആർ. സി സ്ട്രീറ്റ്, ബാലരാമപുരം | കുട്ടിയുടെ രക്ഷാകർത്താവിന്റെ പേരിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമ നിധി സർട്ടിഫിക്കറ്റ് ലഭ്യമല്ല. |

ഈ പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിരുന്നു. എന്നാൽ ഇത്തരം തെറ്റായ പ്രവണതകൾ ആവർത്തിക്കുക.യാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5/21-06-2021 )

ലഭ്യമാക്കിയ മറുപടിയിൽ ക്ഷേമനിധി ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാകും എന്ന പ്രതീക്ഷയിലാണ് പഞ്ചായത്തിലെ ഒന്ന് രണ്ട് വാർഡുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഈ ആനുകൂല്യം നൽകിയത്. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത് മുൻപേ 2019-20ലെ പ്രവൃത്തികളുടെ നിർവഹണം നടന്നതുകൊണ്ടാണ് വീണ്ടും തെറ്റ് ആവർത്തിച്ചതെന്നും, 2020-21ൽ അപാകം സംഭവിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ നിർവഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും ഒരു പോലെ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | S00/17/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര |
| അടങ്കൽ | 100000/- (വി. ഫ. എസ്. സി പി) |
| ചെലവ് | 99996/- |
| ബിൽ നം | 04/19-20 |
| നിർവഹണം | H M KVLPS, തലയൽ |

20 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകി. ഇതിൽ അനഘ അനിൽകുമാർ, . അനൂജ്. ബി. എസ് . എന്നാൽ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിപിൻ. എസ്. പി പ്ലസ് ടു വിദ്യാർത്ഥിയാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഈ വിദ്യാർത്ഥിക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലായെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 05/21-06-2021) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കുട്ടികളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്നാണ്.ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ വാങ്ങിസൂക്ഷിക്കാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കൃഷി ഓഫീസറുടെ പദ്ധതികൾ -ഉല്പാദന മേഖല -പ്രോജക്ട് നിർവഹണം കാര്യക്ഷമമല്ല

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 13 പ്രോജക്ടുകളാണ് 2018-19 സാമ്പത്തിക വർഷം രൂപീകരിച്ചത്. ആകെ 3354815/-രൂപ വകയിരുത്തി. എന്നാൽ ആകെ ചെലവ് 1063625/- രൂപയാണ്. ഇത് ആകെ വകയിരുത്തിയതിന്റെ 31.7 ശതമാനം മാത്രമാണ്. രൂപീകരിച്ച പദ്ധതിയിൽ ഹരിത ഭവനം (പ്രോജക്ട് നം. 62) ജലശ്രീ കിണർ റീ ചാർജ്ജിംഗ്(ജനറൽ) (പ്രോജക്ട് നം.72) ഹരിതഭവനം (പ്രോജക്ട് നം.273), കിണർ റീ ചാർജ്ജിംഗ് (പ്രോജക്ട് നം.274) തരിശുനിലം കൃഷി- ജൈവസമൃദ്ധി (പ്രോജക്ട് നം.275), ജലശ്രീ കിണർ റീ ചാർജ്ജ് (പ്രോജക്ട് നം.276) എന്നീ 5 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24-06-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.ഉല്പാദന മേഖലയിലെ പദ്ധതികൾ നിർബന്ധ പദ്ധതികളാക്കിയത് പദ്ധതി അംഗീകാരം ലഭ്യമാക്കാൻ വേണ്ട് മാത്രമല്ല, കൃത്യമായി നടപ്പിലാക്കി ഉല്പാദന മേഖല സ്വയം പര്യാപ്തമാക്കാനാണ്. ആയതിനാൽ ഇത്തരം പദ്ധതികളുടെ നിർവഹണത്തിൽ സമയബന്ധിതമായി ഇടപെടൽ നടത്താൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പദ്ധതി നിർവഹണം മാർഗ്ഗരേഖ നിർദേശങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 43/19-20 |
| പ്രോജക്ടിന്റെ പേര് | ജലസേചന പമ്പ് സെറ്റ് |
| അടങ്കൽ | 100000/- (വി. ഫ. ജനറൽ)<br>100000/-(മറ്റുള്ളവ) |
| ചെലവ് | 66745/- (വി. ഫ. ജനറൽ) |
| ബിൽ നം | 07/ 128-02-2020 |

| | |
|---|---|
| | |
| നിർവഹണം | കൃഷി ഓഫീസർ |

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഭൂമിയുടെ കരം തീരുവ തനതു വർഷത്തേതല്ല.

| ക്രമ നം | പേരും വിലാസവും | കരം അടവാക്കിയ വർഷം |
|---|---|---|
| 1 | പ്രദീപ് ചന്ദ്രൻ. എൽ. എസ്<br>വട്ടവിളാകം, തേമ്പാമൂട്ടം | 2018-19 |
| 2 | രൂപാഞ്ജലി. എച്ച്. എസ് | 2018-19 |

താഴെപ്പറയുന്ന ഗുണഭോക്താവിന് മാർഗ്ഗരേഖയ്ക്ക് വ്യത്യസ്തമായനിരക്കിൽ സബ്സിഡി നൽകി സജു. ടി, നന്ദനം, മൂങ്ങോട്ടുകോണം, റസ്സൽപുരം,

ഇൻവോയ്സ് നം. NYK/968/2019-20, Dtd, 12-11-2019, പ്രകാരം ആകെ ബിൽ തുക 13108/-രൂപയാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബില്ലിന്റെ 50% അല്ലെങ്കിൽ പരമാവധി 10000/-എന്നാണ്. എന്നാൽ ഈ ഗുണഭോക്താവിന്, 7200/- രൂപ നൽകി. 646/-രൂപ അധികം നൽകി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം ) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീ, പ്രദീപ് ചന്ദ്രൻ. എൽ. എസ്,വട്ടവിളാകം, തേമ്പാമൂട്ടം, രൂപാഞ്ജലി എന്നിവർക്ക് പദ്ധതി നിർവഹണ കാലയളവിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിനായി തനതു വർഷത്തെ കരം തീരുവ രസീത് ഹാജരാക്കേണ്ടിയിരുന്നു. ഇവരുടെ തനത് വർഷം കരം തീർത്ത രസീത് ഓഡിറ്റിനു മുൻപാകെ ഹാജരാക്കേണ്ടതാണ്. മൂങ്ങോട്ടുകോണം, റസ്സൽപുരം, എന്ന വ്യക്തിക്ക് മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക നൽകിയത് കൃത്യമായ പരിശോധനയില്ലാത്തതുകൊണ്ടാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 323400 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 323400 | 0 |
| | 2018-19 | 128160 | കിണർ റീ ചാർജ്ജിംഗ് (ജനറൽ) | 0 | 128160 |
| | 2018-19 | 20800 | കിണർ റീ ചാർജ്ജിംഗ് (എസ്.സി.പി) | 0 | 20800 |
| | 2018-19 | 7500 | ജൈവ സമൃദ്ധി | 0 | 7500 |
| | 2018-19 | 258375 | സ്നേഹ സ്പർശം | 0 | 258375 |
| | 2019-20 | 2083200 | ലൈഫ് ഭവന പദ്ധതി (ജനറൽ ) | 2083200 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 875556 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 875556 | 0 |
| | 2019-20 | 200000 | ക്ഷീരസമൃദ്ധി(ജനറൽ) | 200000 | 0 |
| | 2019-20 | 434625 | സ്നേഹ സ്പർശം | 200000 | 234625 |
| | 2019-20 | 300000 | എസ്.എൻ.പി (ബ്ലോക്ക് വിഹിതം) | 191400 | 108600 |
| | 2019-20 | 200000 | ക്ഷീരസമൃദ്ധി(ജനറൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 782322 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 782322 | 0 |
| | 2018-19 | 138240 | കിണർ റീ ചാർജ്ജിംഗ് (ജനറൽ) | 0 | 138240 |
| | 2018-19 | 31200 | കിണർ റീ ചാർജ്ജിംഗ് (എസ്.സി.പി) | 0 | 31200 |
| | 2018-19 | 161000 | ഹരിത ഭവനം | 0 | 161000 |
| | 2018-19 | 102875 | സ്നേഹ സ്പർശം | 0 | 102875 |
| | 2018-19 | 7500 | ജൈവ സമൃദ്ധി | 0 | 7500 |
| | 2019-20 | 98000 | ഹരിത ഭവനം | 98000* | 0 |
| | 2019-20 | 4320 | ജലശ്രീ കിണർ റീചാർജ്ജിംഗ് | 4320 | 0 |
| | 2019-20 | 1538312 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 1538312** | 0 |
| | 2019-20 | 158792 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 158792 | 0 |
| | 2019-20 | 100000 | ക്ഷീര സമൃദ്ധി (പാലിന് സബ്സിഡി) ജനറൽ | 100000 | 0 |
| | 2019-20 | 74250 | ക്ഷീര സമൃദ്ധി (പാലിന് സബ്സിഡി) വനിത | 74250 | 0 |

* വാർഷിക ധനകാര്യ പത്രികയിൽ 49000/- രൂപ മാത്രമാണ് വരവായി അക്കൗണ്ട് ചെയ്തിട്ടുള്ളത്.

** വാർഷിക ധനകാര്യ പത്രികയിൽ വരവ് അക്കൗണ്ട് ചെയ്തിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.ഡബ്ല്യു.എ | 172/20, 17-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 477000 | 0 | 477000 |
| 2 | കെ.ഡബ്ല്യു.എ | 166/20 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 322000 | 0 | 322000 |
| 3 | ഭൂജല വകുപ്പ് | 158/20 നെല്ലിവിള ലക്ഷംവീട് കോളനി ബോർവെൽ മെയിന്റനൻസ് | 100000 | 0 | 100000 |
| 4 | കെ.എസ്.ഇ.ബി | 134/20ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് സ്ഥാപിക്കലും | 379913 | 0 | 379913 |
| 5 | കെ.എസ്.ഇ.ബി | 168/20ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 32859 | 0 | 32859 |
| | | ആകെ | 1311772 | 0 | 1311772 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരം | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവനപദ്ധതി | സഹകരണ സംഘം രജിസ്ട്രാറുടെ 8.8.2008 ലെ 58/2019 നമ്പർ ഉത്തരവ് | 16926000 | 687000 | 687000 | - | 0 |
| കെ.യു.ആർ.ഡി.എഫ്.സി. | G)(MS)No.100/2018/Lsgd തീയതി 30.7.2018 | 47080000 (6877191/- 2019-20 ലെ വായ്പ) | 40202809 | 3632353 | | 43447647 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റിൽ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിശദാംശങ്ങൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110652138 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109078249 |
| നീക്കിയിരിപ്പ് | 26454176.61 |
| വരവിനങ്ങളിന്മേലുള്ള നഷ്ടം | - |
| ചെലവിനങ്ങളിന്മേലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39558703 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 39558703 | ശ്രീ.ബിനോയ് ഭവൻ (വി.ഇ.ഒ സർക്കിൾ 2) |
| ആകെ | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിനോയ് | വി.ഇ.ഒ ബാലരാമപുരം | കെ.ഇ.ആർ.എ |

| | | |
|---|---|---|
| ഭുവൻ<br>വി.ഇ.ഒ<br>(സർക്കിൾ 2) | | കണ്ണേറ്റുമുക്ക്<br>തൈക്കാട്<br>പി.ഒ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 2 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 4 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 13 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1931/2016/04.09.2019 | 15 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1667/2017/30.01.2018 | 11 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1898/2018/19.02.2019 | 15 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/404/2020 | 27 | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്